പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3022 — 20.12.2012- ൽ മറുപടിക്ക്

## സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.റ്റി ബൽറാം<br>ശ്രീ. വി.പി സജീന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ടോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു സേന ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ പോലീസ് സേനയിലെ 100 അംഗങ്ങൾ ഉൾപ്പെട്ട സംസ്ഥാന ദുരന്ത നിവാരണ സേന (സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫോഴ്സ്) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സേനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | പ്രകൃതി ദുരന്തങ്ങൾ അടക്കമുള്ള എല്ലാവിധ ദുരന്തങ്ങളും ഉണ്ടാകുന്ന വേളയിൽ ദുരന്ത മുഖത്ത് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേർന്ന് രക്ഷാ പ്രവർത്തനം അടക്കമുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ഒരു പ്രത്യേക സേനയായി, നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിന്റെ മാതൃകയിൽ ഒരു സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് വാർത്തെടുക്കുക എന്നുള്ളതാണ് ഉദ്ദേശ്യ ലക്ഷ്യം. ഈ സേനയിലേയ്ക്കുള്ള അംഗങ്ങളെ പോലീസ് സേനയിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ഇവർക്ക് ദേശീയ ദുരന്ത നിവാരണ സേന (National Disaster Response Force) യുടെ കീഴിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതുമാണ്. |
| (സി) | സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങൾ നേരിടുന്നതിന് ഈ സേനയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | ഓരോ ജില്ലയിലും സേനയിലെ 5 അംഗങ്ങളെ വീതം നിയമിക്കുകയും ബാക്കിയുള്ള 30 അംഗങ്ങളെ 3 മേഖലകളിലായി (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) കേന്ദ്രീകരിക്കാനുമാണ് തീരുമാനമെടുത്തിട്ടുള്ളത്. ദുരന്ത സമയങ്ങളിൽ ആവശ്യമായ സേനാംഗങ്ങളെ മറ്റ് ജില്ലകളിൽ നിന്നും കൂടി വരുത്തി ഉപയോഗിക്കാവുന്ന തരത്തിൽ സേനാംഗങ്ങളെ ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ